നം.ഇ1/12606/18

*വിവരാവകാശം/മറുപടി*
സാമൂഹ്യ നീതി ഡയറക്ടറേറ്റ്
അഞ്ചാം നില വികാസ് ഭവൻ
തിരുവനന്തപുരം,തീയതി.16/10/18

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ആർ.രാജേഷ്
അഡ്വക്കേറ്റ്
ജി.കെ.എൻ ടവർ, മൂന്നാം നില
വഞ്ചിയൂർ, തിരുവനന്തപുരം.

സർ,

വിഷയം:-സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം-വിവരാവകാശ നിയമം- ശ്രീ. ആർ.രാജേഷ് സമർപ്പിച്ച അപേക്ഷ-മറുപടി-സംബന്ധിച്ച്

സൂചന:- വിവരാവകാശ നിയമപ്രകാരം ആർ.രാജേഷ് സമർപ്പിച്ച 20/09/2018 ലെ അപേക്ഷ

വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലെ 1 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. 1992
2. അതെ. വിദ്യഭ്യാസ വകുപ്പ്
3. നിയമന ഉത്തരവിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമല്ല.
4. ലോവർ ഡിവിഷൻ ക്ലാർക്ക് (Rs.825-1290)
5. പാലക്കാട് ഒരു വർഷവും 9 മാസക്കാലവും
6. സാമൂഹ്യനീതിവകുപ്പിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് വർഷം കഴിഞ്ഞു യുഡി.ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചു.
7. ഉണ്ട്,
8. 1996ൽ, 28/1/1995 മുതൽ 1/7/1996 വരെ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ്& വെൽഫെയർ ഫണ്ട് ബോർഡിൽ, എഴുകോൺനാരായണൻ എം.എൽ.എയുടെ പേഴ്സണൽ അസിസ്റ്റന്റായി 2/7/1996 മുതൽ 15/5/2006 വരെ
9. ഉണ്ട്, യു.ഡി.ക്ലാർക്ക് തസ്തികയിൽ, പകർപ്പ് ലഭ്യമല്ല.
10. ഡെപ്യൂട്ടേഷൻ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നുവെങ്കിലും മാതൃവകുപ്പിൽ നിന്നുമാണ് ശമ്പളവും അലവൻസുകളും അനുവദിച്ചിട്ടുള്ളത്.
    എൽ.ഡി.ക്ലാർക്ക്-950-1500
    യു.ഡി.ക്ലാർക്ക് -1200-2040
11. 2006
12. യു.ഡി.ക്ലാർക്ക്, കൊല്ലം
13. വാങ്ങിയിട്ടുണ്ട്, വിദ്യഭ്യാസ വകുപ്പിൽ നിന്ന് സാമൂഹ്യ നീതി വകുപ്പിലേയ്ക്ക്, വിദ്യഭ്യാസ വകുപ്പിൽ 29/12/1992 മുതൽ 4/9/94 വരെ, 5/9/94 മുതൽ സാമൂഹ്യ നീതി വകുപ്പിൽ സേവനമനുഷ്ഠിക്കുന്നു.
14. എൽ.ഡി ക്ലാർക്ക്, (950-1500) ജി.ഒ.(പി) നം.600/93/ഫിൻ തീയതി.25/09/1993 ഉത്തരവ് പ്രകാരമാണ് ശമ്പളം നിർണ്ണയിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

15. 6 ഉദ്യോഗക്കയറ്റ നിയമനങ്ങൾ ലഭിച്ചിട്ടുണ്ട്.
16. യു.ഡി.ക്ലാർക്ക് - 1997,പകർപ്പ് ലഭ്യമല്ല.
ഹെഡ് അക്കൗണ്ടന്റ് - 2008,പകർപ്പ് ലഭ്യമല്ല.
സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്സ് ഓഫീസർ -2012, പകർപ്പ് ലഭ്യമല്ല.
സൂപ്രണ്ട് ഗ്രേഡ് 2 -2013,പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ്-2 -2013 പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
സൂപ്രണ്ട് വെൽ ഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ്-1 2015 പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
17. യു.ഡി.ക്ലാർക്ക് - (1200 - 20400
ഹെഡ് അക്കൗണ്ടന്റ് - (8390 - 13270)
സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്സ് ഓഫീസർ - (14620-25280)
സൂപ്രണ്ട് ഗ്രേഡ് 2 -(15380-25900)
ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ്-2 -(16180-29180)
സൂപ്രണ്ട് വെൽ ഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ്-1 --(18740 -33680)
18. ശമ്പള സ്കെയിൽ- (35700-75600)
ശമ്പള വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല.

19. ശ്രീ.ബി.മോഹനൻ കൊല്ലം ചിൽഡ്രൻസ് ഹോം സൂപ്രണ്ടായിരിക്കെ, ടിയാൾ ടി സ്ഥാപനത്തിലെ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ ടി സ്ഥാപനത്തിലെ കെയർടേക്കറോട് അപമര്യാദയായി പെരുമാറുകയും ഫോണിലൂടെ അസഭ്യമായി സംസാരിക്കുകയും ചെയ്തെന്ന ജീവനക്കാരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും റിപ്പോർട്ടിലെ ശുപാർശ പ്രകാരം ശ്രീ.ബി.മോഹനനെ കൊല്ലം വൃദ്ധമന്ദിരത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.
20. ഒരു തവണ, 24/03/2015 ലാണ് ടി സ്ഥലംമാറ്റം നൽകിയിട്ടുള്ളത്.
21.ഉള്ളടക്കം ചെയ്യുന്നു
22.ഇല്ല.
23.ബാധകമല്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്തപക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ശ്രീമതി. ഗീത.കെ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ&അപ്പലേറ്റ് അതോറിട്ടി,
സാമൂഹ്യ നീതി ഡയറക്ടറേറ്റ് വികാസ് ഭവൻ തിരുവനന്തപുരം

വിശ്വസ്തതയോടെ

എസ്. രാജീവ്കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്

# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം.

ഉത്തരവ് നം.ഇ7-11602/12 തീയതി: 29-0-2012

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റവും സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- 1. ഈ കാര്യാലയത്തിലെ 21-04-2012 ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 28-02-2009 ലെ ഇ9-45951/08 നമ്പർ ഉത്തരവ്.
3. ജി.ഒ.(പി) നം.85/2011/ഫിൻ തീയതി 26-02-2011.

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് II ലേക്ക് നാല് ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ ഒരു ഒഴിവ് വനിതാ സ്ഥാപനത്തിലായതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ യോഗ്യതയുള്ള വനിതകൾ ഇല്ലാത്തതിനാൽ ടി സ്ഥാപനത്തിൽ മഹിളാമന്ദിരം സൂപ്രണ്ടിന് അധിക ചുമതല നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഒഴിവിലേയ്ക്ക് പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമ നം. 225 229, 230 ആയി ചുവടെ പേരു വിവരം ചേർത്തിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

1. ശ്രീ. ബി.മോഹനൻ
2. ശ്രീ. ബി.സാബു
3. ശ്രീ. എം. മുഹമ്മദ് നാസ്സർ

ടി ജീവനക്കാരെ 15380 25900/- രൂപ ശമ്പള സ്കെയിലിൽ കെ.എസ്. & എസ്.എസ്.ആർ. ചട്ടം 31 എ (1) പ്രകാരം ഉദ്യോഗക്കയറ്റം നൽകി പേരുടെ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ക്രമ നമ്പർ 4 ആയി സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരനെ ഭരണപരമായ സൗകര്യാർത്ഥം സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ. ബി.മോഹനൻ, ലെയ്സൺ ഓഫീസർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്, എറണാകുളം. | സൂപ്രണ്ട് ഗ്രേഡ് II, ഒബ്സർവേഷൻ ഹോം, പത്തനംതിട്ട. | ഉദ്യോഗക്കയറ്റം |
| 2. | ശ്രീ. ബി.സാബു, സൂപ്പർവൈസർ, VTC, കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് II, ഗവ. വൃദ്ധവികലാംഗ സദനം, പാലക്കാട്. | ഉദ്യോഗക്കയറ്റം |

| | | | |
|---|---|---|---|
| 3 | ശ്രീ. എം. മുഹമ്മദ് നാസ്സർ, സോഷ്യൽ സയന്റിസ്റ്റ്, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | സൂപ്രണ്ട് ഗ്രേഡ് II, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം. | ഉദ്യോഗക്കയറ്റം |
| 4 | ശ്രീ. എം.കെ. ഹരികുമാരൻ നായർ, സൂപ്രണ്ട് ഗ്രേഡ് II, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, തിരുവനന്തപുരം | സൂപ്രണ്ട് ഗ്രേഡ് II, ഗവ. ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം | സ്ഥലംമാറ്റം. |

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ വിടുതൽ/പ്രവേശനം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹത ഉണ്ടായിരിക്കും. വിടുതൽ/പ്രവേശന തീയതി ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്

പകർപ്പ് :-
1. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർക്കും. (ജീവനക്കാരെ പകരം ചുമതല നൽകി ഉടൻ വിടുതൽ ചെയ്യേണ്ടതാണ്)
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ട്മാർക്കും.
4. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർമാർക്കും.
5. സ്റ്റോക്ക് ഫയൽ സീനിയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം.: E7-34571/13.

തീയതി: 27-09-2013.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗക്കയറ്റം/ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സാമൂഹ്യനീതി ഡയറക്ടറുടെ 28.02.2009 തീയതിയിലെ E9/45951/2008 നം.ഉത്തരവ്
2. സാമൂഹ്യനീതി ഡയറക്ടറുടെ 26.07.2011 തീയതിയിലെ E9/3239/2011 നം.ഉത്തരവ്
3. സാമൂഹ്യനീതി ഡയറക്ടറുടെ E11-34300/13 തീയതി 27.9.2013 നം.ഉത്തരവ്

പരാമർശം (3)ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 8 ഒഴിവുകളും റിട്ടയർമെന്റ് മൂലമുണ്ടായ 1 ഒഴിവും ചേർത്ത് ആകെ 9 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകളിലേയ്ക്ക് പരാമർശം 1,2 പ്രകാരമുള്ള ഗ്രേഡ് III വിഭാഗം ജീവനക്കാരുടെ സംയോജിത മുൻഗണനാ പട്ടിക അനുസരിച്ച് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുന്ന താഴെപറയുന്ന ഒമ്പത് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

1. ശ്രീ. കെ.ആർ.പ്രദീപൻ ക്രമ നം. (210)
2. ശ്രീ. പി.പ്രദീപ് ക്രമ നം. (211)
3. ശ്രീ. ഹരികുമാരൻനായർ.എ.കെ ക്രമ നം. (219)
4. ശ്രീ.വേണുക്കുട്ടൻ.എം ക്രമ നം. (221)
5. ശ്രീ. ഇ.തമ്പി ക്രമ നം. (222)
6. ശ്രീ. ഗോപി കേളൻകണ്ടിയിൽ ക്രമ നം. (223)
7. ശ്രീ.മോഹനൻ.ബി ക്രമ നം. (225)
8. ശ്രീ. ബി.സാബു ക്രമ നം. (229)
9. ശ്രീ. എം.മുഹമ്മദ് നാസർ ക്രമ നം. (230)

ടി ജീവനക്കാരെ KS& SSR ചട്ടം 28 (എ)1 പ്രകാരം 16180 - 29180 രൂപ ശമ്പള സ്കെയിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ നേർക്ക് ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ടും, ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സ്ഥലംമാറ്റം

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | **ശ്രീ.ജോസഫ് റിബല്ലോ**<br>ജൂനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>കോഴിക്കോട് | അപേക്ഷ |
| 2 | **ശ്രീ. ഗോവിന്ദൻ**<br>ജൂനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>പാലക്കാട് | അപേക്ഷ |



r substantive, officiating, provisional etc.

| | | | |
|---|---|---|---|
| 4 | ശ്രീ. കെ.ജി.വിൻസെന്റ്<br>ജൂനിയർ സൂപ്രണ്ട്, സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് തൃശൂർ (തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ ചുമതലകൂടി വഹിക്കേണ്ടതാണ്) | അപേക്ഷ |
| 5 | ശ്രീ. ബാഹുലേയൻ നായർ.കെ<br>ജൂനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം | അപേക്ഷ |
| 6 | ശ്രീ. സാദിഖ്.എസ്<br>ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, കൊല്ലം | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, ആലപ്പുഴ. | അപേക്ഷ |

**ഉദ്യോഗക്കയറ്റം**

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ചുമതല കൈമാറ്റം |
|---|---|---|---|
| 1. | ശ്രീ.കെ.ആർ.പ്രദീപൻ<br>സൂപ്രണ്ട് Gr.II,<br>ഓബ്സർവേഷൻ ഹോം, പാലക്കാട്. | ഡെപ്യൂട്ടി സൂപ്രണ്ട്,<br>ജുവനൈൽ ഹോം, തൃശൂർ | ഒബ്സർവേഷന്റെ അധിക ചുമതല ശ്രീ.സി.ആണ്ടവൻ, HA, ICDS കൊല്ലങ്കോട്. |
| 2. | ശ്രീ. പ്രദീപ്.പി<br>സൂപ്രണ്ട് Gr.II,<br>ഓബ്സർവേഷൻ ഹോം, എറണാകുളം. | ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>തിരുവനന്തപുരം | ശ്രീ.എൻ.ജി.കുര്യച്ചൻ, സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ്, എറണാകുളം. |
| 3 | ശ്രീ.<br>ഹരികുമാരൻനായർ.എ.കെ<br>സൂപ്രണ്ട് Gr.II,<br>ആശാഭവൻ (മെൻ), കോഴിക്കോട് | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | — |
| 4. | ശ്രീ.വേണുക്കുട്ടൻ.എം<br>സൂപ്രണ്ട് Gr.II,<br>ആശാഭവൻ (മെൻ),<br>തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ശ്രീ.എം.മധുസൂദനൻ, സൂപ്രണ്ട്, ജുവനൈൽ ഹോം, തിരുവനന്തപുരം |
| 5. | ശ്രീ. ഇ.തമ്പി<br>സൂപ്രണ്ട് Gr.II,<br>ചിൽഡ്രൻസ് ഹോം, നൂറനാട്. | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ശ്രീ.ചന്ദ്രബാബു HA, ICDS മാവേലിക്കര. |

(ര

VT DB/2013

അ — ... ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിച്ചു വരുന്നത്. നിലവിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ അഞ്ച് ഒഴിവുകൾ നിലവിലുണ്ടെങ്കിലും വനിതാ സംവരണം പാലിക്കുമ്പോൾ ഒരു ഒഴിവ് മാത്രമേ നികത്താൻ

| | | | |
|---|---|---|---|
| 6. | സൂപ്രണ്ട് Gr.II,<br>ഒബ്സർവേഷൻ ഹോം,<br>വയനാട്. | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ശ്രീ.പ്രിജിത്<br>HA, പ്രോഗ്രാം<br>ഓഫീസ്, വയനാട് |
| 7. | **ശ്രീ.മോഹനൻ.ബി**<br>സൂപ്രണ്ട് Gr.II,<br>ഒബ്സർവേഷൻ ഹോം,<br>പത്തനംതിട്ട. | ഡെപ്യൂട്ടി സൂപ്രണ്ട്,<br>ജുവനൈൽ ഹോം, കൊല്ലം | ശ്രീ.സാമുവേൽകുട്ടി<br>സീനിയർ സൂപ്രണ്ട്,<br>പ്രോഗ്രാം ഓഫീസ്,<br>പത്തനംതിട്ട. |
| 8. | **ശ്രീ. ബി.സാബു**<br>സൂപ്രണ്ട് Gr.II,<br>എച്ച്.പി.എച്ച്, പാലക്കാട്. | ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസ്, കൊല്ലം. | ശ്രീ.വി.ജി.ജയകുമാർ<br>HA, ICDS<br>പാലക്കാട്. |
| 9. | **ശ്രീ. എം.മുഹമ്മദ് നാസർ**<br>സൂപ്രണ്ട് Gr.II,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | – |

ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച് ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യ നീതി ഡയറക്ടർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക്.**

പകർപ്പ്:

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
2. എല്ലാ ആർ.എ.ഡിമാർക്കും.
3. എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർക്കും
4. RAD, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്
5. ഡയറക്ടറുടെ/അഡീ.ഡയറക്ടറുടെ സി.എ-മാർക്ക്.
6. E9 സീറ്റ്.
7. സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

...tion form in red ink the details of leave granted, leave

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീ. വി. എൻ. ജിതേന്ദ്രൻ)

ഉത്തരവ് നമ്പർ. ഇ11-20/2015. തീയതി : 13-01-2015.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ജി.ഒ.(പി) നം. 23/2010/SWD തീയതി. 30/03/2010

(2) ജി.ഒ.(പി) നം. 77/2012/SJD തീയതി. 27/12/2012

(3) 17/12/2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ11 -40374/14 നമ്പർ നടപടിക്രമങ്ങൾ.

(4) 06-01-2015 ലെ ഇ9/28000/2014/ DSJ(2) നമ്പർ വിജ്ഞാപന പ്രകാരമുള്ള സെലക്ട് ലിസ്റ്റ്.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം 30/03/2014 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി ചട്ടം ഖണ്ഡിക 2(g) അനുസരിച്ച് 1 : 2 : 1 എന്ന അനുപാതത്തിൽ വിവിധ ഫീഡർ കാറ്റഗറികൾക്കായി ഉദ്യോഗക്കയറ്റം നിജപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മേൽപ്പറഞ്ഞ തസ്തികകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 9 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികകൾ 1 : 2 : 1 എന്ന അനുപാതത്തിൽ 3, 4, 2 ആയി വിവിധ വിഭാഗങ്ങളിൽ സ്ത്രീകളുടെ കേഡർ സ്ട്രെങ്ത് പാലിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ മൂന്നാം ഫീഡർ കാറ്റഗറിയായ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന നിശ്ചിത യോഗ്യതയുള്ളവരായ ജീവനക്കാരെ കാറ്റഗറി 8 ൽ ഉൾപ്പെടുന്ന തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമിക്കുന്നതിന് നാലാം പരാമർശിത സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

(2) രണ്ടാം പരാമർശിത വിശേഷാൽ ചട്ട ഭേദഗതി ഉത്തരവ് പ്രകാരം കാറ്റഗറി 8 ലെ ആകെ കേഡർ സ്ട്രെങ്ത് ആയ 37 തസ്തികകളെ വിശേഷാൽ ചട്ട ഭേദഗതി അനുപാതം പ്രകാരം 1 : 2 : 1 എന്ന ക്രമത്തിൽ വിഭജിക്കുമ്പോൾ മൂന്നാം വിഭാഗത്തിന് (ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയവ) 9 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ പ്രസ്തുത വിഭാഗത്തിലെ നാല് ജീവനക്കാരാണ് കാറ്റഗറി 8 ൽ ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിച്ചു വരുന്നത്. നിലവിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ അഞ്ച് ഒഴിവുകൾ നിലവിലുണ്ടെങ്കിലും വനിതാ സംവരണം പാലിക്കുമ്പോൾ ഒരു ഒഴിവ് മാത്രമേ നികത്താൻ

കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ മൂന്നാം പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 1 ആയ ശ്രീ. ബി. മോഹനൻ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹനാണ്.

(3) മേൽ പരാമർശിച്ചത് പറഞ്ഞത് പ്രകാരം ശ്രീ. ബി. മോഹനന്റെ സ്ഥാനക്കയറ്റത്തിന് മുന്നോടിയായി, ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഭരണപരമായ സൗകര്യാർത്ഥവും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം</u> :

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം/ പുനതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീ. ജയകുമാർ. വി<br>സൂപ്രണ്ട്<br>ചിൽഡ്രൻസ് ഹോം ആന്റ് സ്പെഷ്യൽ ഹോം,<br>തിരുവനന്തപുരം | സീനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>തിരുവനന്തപുരം. | അപേക്ഷ. |
| 2 | ശ്രീ. എൻ. രാജേന്ദ്രൻ നായർ<br>സൂപ്രണ്ട്<br>ചിൽഡ്രൻസ് ഹോം,<br>കൊല്ലം | സൂപ്രണ്ട്<br>ചിൽഡ്രൻസ് ഹോം ആന്റ് സ്പെഷ്യൽ ഹോം,<br>തിരുവനന്തപുരം | ഭരണപരം |

(4) ഈ സാഹചര്യത്തിൽ പരാമർശിത സെലക്ട് ലിസ്റ്റിൽ ഒന്നാം പേരുകാരനായ ശ്രീ. ബി. മോഹനനെ 2014 വർഷത്തിൽ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് KS & SSR ചട്ടം 28 (എ) (i) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ 18740 - 33680 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർക്കുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉദ്യോഗക്കയറ്റം</u> :

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. ബി. മോഹനൻ,<br>ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II<br>ചിൽഡ്രൻസ് ഹോം,<br>കൊല്ലം | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I<br>ചിൽഡ്രൻസ് ഹോം,<br>കൊല്ലം | ഉദ്യോഗക്കയറ്റം |

(5) സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ സമയത്ത് നൽകിയ അസൈൻമെന്റ് മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പുനക്രമീകരണങ്ങൾ/ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം 2(g) പ്രകാരം കാറ്റഗറി 8 ലെ ഓരോ വിഭാഗത്തിലെയും കേ

...അനുകശ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ട്രെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - II | 10 | 8 | 2 | |
| 2 | ജൂനിയർ സൂപ്രണ്ട് | 18 | 17 | 1 | |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II/ സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയവ | 9 | 5 | 4 | |

(6) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരൻ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച്, വിടുതൽ/പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-

(1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

(2) മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, തിരുവനന്തപുരം.

(3) ജില്ലാ സാമൂഹ്യനീതി ഓഫീസർ, തിരുവനന്തപുരം, കൊല്ലം.

(4) പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം.

(5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ.

(6) സാമൂഹ്യനീതി ഡയറക്ടറുടെ സി. എ. യ്ക്ക്

(7) ഇ1 മുതൽ ഇ13 സീറ്റ് വരെ/എ. സെക്ഷൻ/ബിൽ സെക്ഷൻ/IT സെക്ഷൻ.

(8) സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

# സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(ഹാജർ : V.N. ജിതേന്ദ്രൻ)**

തിരുവനന്തപുരം,
ഉത്തരവ് നം. ഇ5-40104/14 (2) തീയതി: 24.03.2015.

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ. B. മോഹനൻ, സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം, കൊല്ലം - സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സാമൂഹ്യ നീതി വകുപ്പ് അസി. ഡയറക്ടറുടെ 5.2.15 ലെ അന്വേഷണ റിപ്പോർട്ട്.

സാമൂഹ്യ നീതി വകുപ്പ് അസി. ഡയറക്ടർ സമർപ്പിച്ച മേൽ പരാമർശിത റിപ്പോർട്ടിൽ, നിലവിൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭ്യമായി ടി സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. B. മോഹനനെ ടി കാര്യാലയത്തിൽ തന്നെ തുടരാൻ അനുവദിക്കുന്ന കാര്യം പുന:പരിശോധിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ. B. മോഹനനെ കൊല്ലം ഗവ. വൃദ്ധ മന്ദിരത്തിലേയ്ക്കും, കൊല്ലം ഗവ. വൃദ്ധ മന്ദിരം സൂപ്രണ്ടായ ശ്രീ. പങ്കജാക്ഷൻ പിള്ളയെ കൊല്ലം ചിൽഡ്രൻസ് ഹോമിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

1. ശ്രീ. B. മോഹനൻ,
   സൂപ്രണ്ട്,
   ചിൽഡ്രൻസ് ഹോം, കൊല്ലം.
2. ശ്രീ. പങ്കജാക്ഷൻ പിള്ള,
   സൂപ്രണ്ട്,
   വൃദ്ധ മന്ദിരം, കൊല്ലം.

<u>പകർപ്പ്:</u>
1. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കൊല്ലം.
2. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവ് പ്രകാരം
സൂപ്രണ്ട്